WEDNESDAY 06-04-2022 ബുധനാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Sunilkumar R Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-06/04/2022.

1. സംസ്ഥാന സർക്കാർ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന **ഞങ്ങളും കൃഷിയിലേക്ക്** എന്ന ക്യാമ്പയിന് വേണ്ടി 2 മിനിട്ട് ദൈർഘ്യമുള്ള പരസ്യചിത്രം നിർമ്മിക്കുന്നതിനായി വ്യക്തികളിൽ നിന്നും ഏജൻസികളിൽ നിന്നും അനുയോജ്യമായ ആശയവും സ്ക്രിപ്റ്റും ക്ഷണിക്കുന്നു. സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങളെയും വ്യക്തികളെയും കൃഷിയിലേക്ക് ആകർഷിക്കുക എന്ന ദൗത്യവുമായി നടത്തപ്പെടുന്ന ക്യാമ്പയിന് അനുയോജ്യമായ സ്ക്രിപ്റ്റാകണം മത്സരാർത്ഥികൾ സമർപ്പിക്കേണ്ടത്. സാങ്കേതിക കമ്മിറ്റി തെരഞ്ഞെടുക്കപ്പെടുന്ന സ്ക്രിപ്റ്റിന് അർഹമായ ഹോണറേറിയം നൽകുന്നതായിരിക്കും. ആശയവും സ്ക്രിപ്റ്റും ഈ മാസം 08-ന് (ഏപ്രിൽ 08) 3 മണിക്ക് മുൻപായി പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ പി.ഒ, തിരുവനന്തപുരം-3 എന്ന വിലാസത്തിൽ സീൽ ചെയ്ത കവറിൽ എത്തിക്കേണ്ടതാണ്.

2. കേന്ദ്ര കർഷക സഹായ പദ്ധതിയായ **പിഎം കുസും കോംപോണന്റ് ബി** യുടെ രജിസ്ട്രേഷൻ ജില്ലാ ഓഫീസുകൾ മുഖേന നടത്താവുന്നതാണ്. ഈ പദ്ധതി പ്രകാരം വൈദ്യുതേതര കാർഷിക പമ്പുകളെ സോളാർ പമ്പുകളാക്കി മാറ്റി ഇന്ധനവില ലാഭിക്കാൻ കർഷകർക്ക് സാധിക്കുന്നു. ഈ പദ്ധതിയിൽ കർഷകർ സ്ഥാപിക്കുന്ന പമ്പുകൾക്ക് 60 ശതമാനം വരെ കേന്ദ്ര-സംസ്ഥാന സബ്സിഡി നൽകുന്നുണ്ട്. വൈദ്യുതേതര പമ്പുകൾ ഉപയോഗിക്കുന്ന എല്ലാ കർഷകർക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് അനെർട്ടിന്റെ ജില്ലാ ഓഫീസുമായി ബന്ധപ്പെടുക. കൂടാതെ **പി.എം കുസും കോംപോണന്റ് സി** പ്രകാരം കാർഷിക കണക്ഷനോടു കൂടിയ പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്നു. ഇതിൽ കർഷകന്റെ വൈദ്യുത ബില്ല് കുറച്ചുകൊണ്ടു വരുകയും അധിക വൈദ്യുതി ഉത്പാദിപ്പിക്കുന്നത് ഗ്രിഡിലേക്കു നൽകി പൈസ ലഭിക്കുകയും ചെയ്യും. പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്നതിനും 60 ശതമാനം വരെ കേന്ദ്ര-സംസ്ഥാന സബ്സിഡി ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9188119401** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാല ഇ-പഠന കേന്ദ്രം **'പഴം പച്ചക്കറി സംസ്ക്കരണവും വിപണനവും'** എന്ന വിഷയത്തിൽ ഓൺലൈൻ വിദൂര പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ

ക്ഷണിച്ചു. മൂന്ന് മാസമാണ് കോഴ്സിന്റെ ദൈർഘ്യം. മലയാളമാണ് പഠന മാദ്ധ്യമം. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ചു സബ്മിറ്റ് ചെയ്യണം. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഏപ്രിൽ 17. കോഴ്സ് ഈ മാസം 18 ന് തുടങ്ങും. വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്കായി celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ, **9497353389, 9567190858, 7559070461** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

4. ടാപ്പിങ് ആരംഭിക്കുന്നതിന് **റബ്ബർമരങ്ങൾ മാർക്കു ചെയ്യുന്ന വിധം, വിളവെടുപ്പുരീതികൾ** തുടങ്ങിയവയെക്കുറിച്ചറിയുന്നതിന് റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് (ഏപ്രിൽ 06) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഫോണിലൂടെ മറുപടി നൽകും. **0481 2576622** എന്നതാണ് കോൾസെന്റർ നമ്പർ

5. ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിലെ 5 മാസം മുതൽ 2 വർഷവും 9 മാസവും വരെ പ്രായമുള്ള 15 മുട്ടനാടുകളെയും പെണ്ണാടുകളെയും ഏപ്രിൽ മാസം 11-ന് പകൽ 11 മണിക്ക് പരസ്യലേലം വഴി വിൽപ്പന നടത്തുന്നു. ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഏപ്രിൽ 11 -ന് രാവിലെ 10.30 നു മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതും 1000 രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ് കൂടുതൽ വിവരങ്ങൾ എല്ലാ പ്രവർത്തി ദിവസങ്ങളിലും ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

6. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിലെ മുട്ടയുത്പാദാനം കഴിഞ്ഞതും ഏകദേശം 4.5 കിലോ ഭാരമുള്ളതുമായ മാതൃ-പിതൃ ശേഖരത്തിൽപ്പെട്ട രണ്ടായിരത്തിൽപ്പരം കോഴികളെ സ്റ്റോക്ക് തീരുന്നതുവരെ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **0471-2478585, 9495000914** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**പരിശീലന പരിപാടികൾ**

7. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നാളെ (ഏപ്രിൽ 07) രാവിലെ 11 മണിക്ക് **ജൈവാവശിഷ്ട നിർമ്മാർജ്ജനവും മണ്ണിന്റെ ആരോഗ്യ സംരക്ഷണവും** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക..

8. കേരള കാർഷിക സർവകലാശാല ഇ -പഠന കേന്ദ്രം "**രോഗ കീട നിയന്ത്രണം ജൈവ ജീവാണു മാർഗങ്ങളിലൂടെ**" എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടി ഏപ്രിൽ 14 ന് തുടങ്ങുന്നു. കേരള കാർഷിക സർവകലാശാല ശാസ്ത്രജ്ഞരാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഏപ്രിൽ 13. 24 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ് ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ ജയിക്കുന്നവർക്ക് ആവശ്യമെങ്കിൽ നിശ്ചിത ഫീസ് വാങ്ങി സർട്ടിഫിക്കറ്റ് നൽകും. www.celkau.in/MOOC/Default.aspx എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാം.

9. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ (ഏപ്രിൽ 7) രാവിലെ 11 മണി മുതൽ **ക്ഷീരസംഘങ്ങളുടെ വാർഷിക സ്റ്റോക്ക് പരിശോധനയും ആഡിറ്റ് മുന്നൊരുക്കങ്ങളും** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. താത്പര്യമുള്ളവർ ഇന്ന് വൈകിട്ട് 5 മണി വരെ **0476–2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9847437232** എന്ന വാട്ട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ പരിശീലനത്തിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. xqw-jqat-weh എന്നതാണ് ഗൂഗിൾമീറ്റ് ലിങ്ക്.